(ബി) എങ്കിൽ കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകൾ വീണ്ടും പരിശോധിക്കേണ്ടതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാരണത്താൽ കർഷകർക്ക് യഥാസമയം ആനുകൂല്യം ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കമ്മീഷൻ തീർപ്പു കൽപ്പിച്ച കേസ്സുകളിൽ എത്രയും വേഗം കടാശ്വാസം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) കടാശ്വാസം അനുവദിക്കുന്നതിലേയ്ക്കായി ആവശ്യമായ തുക കൃഷി വകുപ്പ് സഹകരണ വകുപ്പിന് കൈമാറുന്നു. കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ ഉത്തരവുകൾ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റേതെങ്കിലും പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായി വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതാണോ എന്നു കണ്ടെത്തുകയാണ് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനയിലൂടെ ഉറപ്പാക്കുന്നതെന്നും ടി പരിശോധനയ്ക്ക് കാലതാമസം ഉണ്ടാകാറില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാർഷിക കടാശ്വാസ കമ്മീഷൻ തിരുവനന്തപുരം ജില്ലയിൽ തീർപ്പാക്കിയ അപേക്ഷകൾ

203 (4266) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസ കമ്മീഷനിൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ തീർപ്പാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) കമ്മീഷനിൽ ലഭിച്ച അപേക്ഷകൾ പ്രകാരം ഓരോ ജില്ലയിലും എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 31-5-2009 വരെ ലഭിച്ചവ	–	24090
31-6-2010 വരെ തീർപ്പാക്കിയവ	–	10833

(ബി) കമ്മീഷനിൽനിന്നും സർക്കാരിന് ലഭ്യമായ വ്യക്തിഗത അപേക്ഷകളിന്മേലുള്ള ശുപാർശകൾ പ്രകാരം ഓരോ ജില്ലയിലും അനുവദിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. (28-5-2010 വരെ ലഭിച്ചവ)

തിരുവനന്തപുരം	1,90,61,873
കൊല്ലം	54,50,152
ആലപ്പുഴ	16,72,452
പത്തനംതിട്ട	39,20,044
കോട്ടയം	46,94,602
ഇടുക്കി	8,35,72,068
എറണാകുളം	5,56,741
തൃശ്ശൂർ	0
പാലക്കാട്	45,24,380
മലപ്പുറം	75,78,544
കാസർഗോഡ്	1,67,28,401
വയനാട്	9,53,51,555
കണ്ണൂർ	75,74,074
കാസർഗോഡ്	45,44,266

കർഷക കടാശ്വാസ കമ്മീഷൻ

204 (4267) ശ്രീ. തോമസ് പാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പു സാമ്പത്തിക വർഷം കർഷക കടാശ്വാസ കമ്മീഷന് നീക്കിവച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

നടപ്പു സാമ്പത്തികവർഷം പ്ലാൻ ശീർഷകത്തിൽ 10 കോടി രൂപയും പദ്ധതിയിതര ഇനത്തിൽ 69.57 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കർഷക കടാശ്വാസ കമ്മീഷൻ വയനാട് ജില്ലയിൽ പരിഗണിച്ച അപേക്ഷകൾ

205 (4269) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം നാളിതുവരെ വയനാട് ജില്ലയിൽ എത്ര പേർക്ക് കടാശ്വാസം അനുവദിച്ചുവെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly